**പതിനാലാം കേരള നിയമസഭ**

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1835 10/03/2020-ൽ മറുപടിയ്ക്ക്

**ആലപ്പുഴ മെഡിക്കൽ കോളേജിന്റെ വികസനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സജി ചെറിയാൻ** | **കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ആലപ്പുഴ മെഡിക്കൽ കോളേജിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ), | ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, കാർഡിയോതൊറാസിക് സർജറി, ന്യൂറോളജി, ന്യൂറോ സർജറി ഗ്യാസ്ട്രോ എന്ററോളജി, നെഫ്രോളജി, യൂറോളജി എന്നിവയ്ക്ക് വേണ്ടിയുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. നബാർഡിന്റെ സഹായത്തോടെയുള്ള ഒ.പി ബ്ലോക്കിന്റെയും സമഗ്ര ട്രോമാ കെയർ യൂണിറ്റിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കാൻസർ കെയർ സ്ഥാപിക്കുന്നതിനായി നിർദ്ദേശിച്ച സ്ഥലത്ത് ചുറ്റുമതിൽ നിർമ്മാണം, റോഡു വികസനം എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പുതിയ സി.ടി സ്കാൻ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. |
| (ബി) | വാഹനാപകടത്തിൽ പരിക്കേറ്റവർ നിരന്തരം വന്നുകൊണ്ടിരിക്കുന്ന ആലപ്പുഴ മെഡിക്കൽ കോളേജിൽ ന്യൂറോ സർജൻ ഉൾപ്പെടെയുള്ള പ്രധാന ഡോക്ടർമാരുടെ അഭാവം രാത്രിയിൽ ഉണ്ടെന്നുള്ള പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; അറിയിക്കാമോ; | (ബി) & (സി) | ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ ന്യൂറോ സർജൻമാരുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്. ന്യൂറോ സർജറി വിഭാഗം 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. ഡ്യൂട്ടി ന്യൂറോ സർജൻമാർ രാത്രിയും പകലും എല്ലാ എമർജൻസി കേസുകളും കൈകാര്യം ചെയ്യുകയും ചെയ്യുന്നു. |
| (സി) | ഇവ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ